സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സർക്കാരിലെ ക്രമം ദേശീയ പെൻഷൻ പദ്ധതി (NPS) നടപ്പിലാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 145/13/Est-I** നന്തൻകോട്, **05/02/2018**

---

പരാമർശം :- 1) 07-03-2017 ലെ മേൽ നമ്പർ ഉത്തരവ്.

2) 08-04-2014 ലെ സ.ഉ.(പി) 135/2014/ധന നമ്പർ കത്ത്.

3) 14-09-2017 ലെ NPSA 2/71/2017/ധന നമ്പർ കത്ത്.

4) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 25-11-2017 ലെ DA 874/16/E നമ്പർ റിപ്പോർട്ട്.

5) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 29-01-2018 ലെ DA 874/16/E നമ്പർ നോട്ട്.

## ഉത്തരവ്

01-4-2013 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് G.O(P) 446/12/Fin നമ്പർ ഉത്തരവ്പ്രകാരം സംസ്ഥാന സർക്കാർ പുതിയ പെൻഷൻ പദ്ധതി (NPS) നടപ്പിലാക്കി. ദേശീയ പെൻഷൻ സമ്പ്രദായം (NPS) പ്രകാരമുള്ള പങ്കാളിത്ത വിഹിത പെൻഷൻ പദ്ധതി തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കാരാണ്മ ജീവനക്കാർ ഒഴികെയുള്ള എല്ലാവിഭാഗം ജീവനക്കാർക്കും പൊതുവിൽ നിർബന്ധമായും കർശനമായും 01-4-2016 തീയതി മുതൽ ബാധകമാക്കുന്നതിനും ടി പദ്ധതി സംബന്ധിച്ച് റൂൾ ഫ്രെയിം ചെയ്യുന്നതിന് ദേവസ്വം കമ്മീഷണർ ചെയർമാനായും ലാ ആഫീസർ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ച് ഉത്തരവായി (പരാമർശം -1).

തിരുവിതാംകൂർ ദേവസ്വം ബോർഡ് പുറപ്പെടുവിച്ച നടപടിക്രമങ്ങൾ PFRDA നിബന്ധനകൾ അടിസ്ഥാനമാക്കിക്കൊണ്ട് ഒരു ദേശസാൽകൃത ബാങ്കിൽ പരമാവധി പലിശ ലഭിക്കത്തക്ക രീതിയിൽ നിക്ഷേപിക്കുന്ന കാര്യം പരാമർശിച്ചിട്ടുണ്ടെങ്കിലും PFRDA യുമായി ദേവസ്വം ബോർഡിന് എഗ്രിമെന്റ് ഇല്ലാത്തതിനാൽ PFRDA യുടെ നിബന്ധനകൾ ഒന്നുംതന്നെ ബാധകമാകുകയില്ലയെന്നും മാത്രമല്ല തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പെൻഷൻ പദ്ധതിക്ക് ദേശീയ പെൻഷൻ പദ്ധതിയുടെ നിലവാരത്തിലുള്ള സാമ്പത്തിക നേട്ടം കൈവരിക്കാൻ സാധിക്കുകയില്ലാത്തതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പാക്കുന്നത് പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണമെന്നും കൂടാതെ സംസ്ഥാനത്ത് പൊതുവായി പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ തീയതി 01-4-2013 ആയതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനുമാത്രമായി വ്യത്യസ്തമായ ഒരു തീയതി അനുവദിക്കാനാകില്ലയെന്നും ആയതിനാൽ നാഷണൽ പെൻഷൻ പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുന്നപക്ഷം ബോർഡ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്ന 01-4-2016 എന്നതിനുപകരം 01-4-2013 മുതൽ സർവ്വീസിൽ പ്രവേശിച്ചവർക്കുതന്നെ

(മറുപുറം)

പദ്ധതി നടപ്പാക്കേണ്ടതാണെന്നും ആവശ്യമെന്ന് തോന്നിയാൽ 01-4-2013 മുതലുള്ള അരിയർ തുക തവണകളായി അടക്കാൻ തവണകൾ ഉയർത്തി നൽകിക്കൊണ്ട് സർക്കാർ പ്രത്യേകമായി അനുമതി നൽകുന്നതാണെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് പാർട്ട് 3 ബാധകമായിട്ടുള്ളതിനാൽ പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം എത്രയും പെട്ടെന്ന് NSDL e-governance Infrastructure Limited ലേക്ക് Master Creation Form (MCF), Letter of Consent (LoC), Annexure N1, N2 &N3 forms എന്നിവ അയച്ചുകൊടുത്ത് ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ജീവനക്കാരിൽ നിന്നും എൻ.പി.എസ്സ്. വിഹിതം ഈടാക്കി പെൻഷൻഫണ്ട് മാനേജർമാരായ SBI, UTI, LIC എന്നിവർക്ക് കൈമാറേണ്ടതാണെന്നും വിവരിച്ചുള്ള ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പരാമർശം 3 കത്ത് ലഭിച്ചു.

ആയത് സംബന്ധിച്ചുള്ള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ലഭ്യമാക്കി ബോർഡ് പരിശോധിച്ചു ചർച്ച ചെയ്തു.

ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് കണക്കിലെടുക്കുമ്പോൾ സർക്കാർ തീരുമാനപ്രകാരം NPS 01-04-2013 മുതൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലും നടപ്പിലാക്കുന്നതാണ് ജീവനക്കാരുടെ ക്ഷേമത്തിന് ഉതകുന്നതും ദീർഘവീക്ഷണത്തോടെയുള്ള സമീപനമെന്നും ബോർഡ് വിലയിരുത്തി.

ആകയാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദേശീയ പെൻഷൻ പദ്ധതി (NPS) 01-4-2016 തീയതി മുതൽ ബാധകമാക്കുന്നതിന് പുറപ്പെടുവിച്ച പരാമർശം 1 ഉത്തരവ് ഭേദഗതി ചെയ്ത് കാരാണ്മ ജീവനക്കാർ, പാർട്ട് ടൈം ജീവനക്കാർ എന്നിവർ ഒഴികെയുള്ളവർക്ക് 01-4-2013 മുതൽ ദേശീയ പെൻഷൻ പദ്ധതി (NPS) ബാധകമാക്കിയും അതിൻപ്രകാരം റൂൾ ഫ്രെയിം ചെയ്യുന്നതിന് നിലവിലെ കമ്മിറ്റിക്ക് നിർദ്ദേശം നൽകിയും പരാമർശം 3 സർക്കാർ കത്തിൽ വിവരിക്കുന്ന സംഗതികൾ സംബന്ധിച്ച് 15 ദിവസത്തിനകം ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ടി കമ്മിറ്റിയുടെ ചെയർമാനായ ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ - നടപടിക്കായി പരാമശം 3 കത്തിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.
2. ലാ ആഫീസർ - ടി -
3. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ - ടി -
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ - ടി -
5. എല്ലാ ആഫീസ് മേധാവികൾക്കും
6. പെൻഷൻ സെക്ഷൻ, ബോർഡ് ആഫീസ്
7. ഇ.ഡി.പി. സെക്ഷൻ
8. സെക്ഷൻ ഫയൽ
9. ഫയൽ ബുക്ക്
10. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK